ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹാജർ. എ.ജയിംസ് രാജ്)

തിരുവനന്തപുരം

നമ്പർ. 221/2017/ഇ 8/ഡിപി

തീയതി. 06.01.2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ നിന്നും ഡെപ്യൂട്ടി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകിയും നിലവിലുള്ള ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റം/നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സ. ഉ. (സാധാ) നമ്പർ. 20/2020/ഉ.വി.വ. തീയതി. 04.01.2020.
2. കേരള സർക്കാരിന്റെ 25.11.2019-ലെ 2883 നമ്പറായിട്ടുള്ള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റ് വിജ്ഞാപനം.

### ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാരെ അവരുടെ പേരിനുനേരെ പരാമർശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ സ്ഥലംമാറ്റം നൽകി കൊണ്ടും, പരാമർശം (2) ലെ സെലക്ട് ലിസ്റ്റ് പ്രകാരമുള്ള അസിസ്റ്റന്റ് സൂപ്രണ്ടിന്റെ 45800-89000 രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി കൊണ്ടും ടി ജീവനക്കാരന്റെ പേരിനുനേരെ കാണിച്ചിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നം. | പേര്/തസ്തിക/കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം | നിയമിക്കപ്പെടുന്ന കാര്യാലയം/തസ്തിക/ ശമ്പള സ്കെയിൽ | ഒഴിവിന്റെ വിവരം |
|---|---|---|---|---|
| 1. | ശ്രീ.പ്രദീപ്.വി.എസ്., ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ.പ്രസ്സ്, വയനാട് | സ്ഥലംമാറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് (കോൺഫിഡൻഷ്യൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | നിലവിലെ ഒഴിവിൽ |
| 2. | ശ്രീ.ജയിംസ് ഡേവിഡ്, ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ.പ്രസ്സ്, മണ്ണന്തല | സ്ഥലംമാറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് സർക്കാർ മുദ്ര നിർമ്മാണശാല, തിരുവനന്തപുരം | നിലവിലെ ഒഴിവിൽ |
| 3. | ശ്രീ.ടി.വീരാൻ, ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | സ്ഥലംമാറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് ഗവ.പ്രസ്സ്, വയനാട് | ശ്രീ.പ്രദീപ്.വി.എസ്. ന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |

| | | | | |
|---|---|---|---|---|
| 4. | ശ്രീ.എസ്.വി.നൗഷദാലി, അസിസ്റ്റന്റ് സൂപ്രണ്ട്, ഗവ.പ്രസ്സ്, കണ്ണൂർ | സ്ഥാനക്കയറ്റം | ഡെപ്യൂട്ടി സൂപ്രണ്ട് ഗവ.പ്രസ്സ്, മണ്ണന്തല (45800-89000 രൂപ ) | ശ്രീ.ജയിംസ് ഡേവിഡിന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ |

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ആയ ശ്രീ.ടി.വീരാനെ വയനാട് ഗവൺമെന്റ് പ്രസ്സിലേയ്ക്ക് സ്ഥലംമാറ്റം നൽകി നിയമിച്ച സാഹചര്യത്തിൽ പ്രസ്തുത ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) ന്റെ അധിക ചുമതല തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ ) ആയ ശ്രീമതി.ആർ.രശ്മി വഹിക്കേണ്ടതാണ്.

കണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. എസ്.വി.നൗഷദാലി വിടുതൽ ചെയ്യുമ്പോൾ ടി തസ്തികയുടെ അധിക ചുമതല ടി കാര്യാലയത്തിലെ ജനറൽ ഫോർമാനായ ശ്രീമതി എ.വി. ബിന്ദു വഹിക്കേണ്ടതാണ്.

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ അവരെ നിയമിക്കപ്പെട്ട കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻതന്നെ വിടുതൽ ചെയ്യേണ്ടതുമാണ്. സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് ചേരുംകാലത്തിനും യാത്രാബത്തയ്ക്കുമുള്ള അർഹത നിയമാനുസൃതമായിരിക്കും.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തികൾക്ക്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം./കൽപ്പറ്റ, വയനാട്/കണ്ണൂർ
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്,തിരുവനന്തപുരം
ഡെപ്യൂട്ടി സൂപ്രണ്ട്, സർക്കാർ മുദ്രനിർമ്മാണശാല./ഗവ. പ്രസ്സ്, വയനാട്./ മണ്ണന്തല.
അസിസ്റ്റന്റ് സൂപ്രണ്ട്, ഗവ. പ്രസ്സ്, കണ്ണൂർ
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്./ഫിനാൻസ് ഓഫീസർ./
ഫാറം കൺട്രോളർ./അക്കൗണ്ട്സ് ഓഫീസർ./സീനിയർ സൂപ്രണ്ട്./ ഓഫീസ് മാനേജർ./
ജൂനിയർ സൂപ്രണ്ട്.ഇ II.,എ I./എ 5 സീറ്റ്./ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.